കൊണ്ടും വാർധക്യമായാൽ പ്രൊട്ടക്ഷൻ കിട്ടുമെന്നുള്ള ഫീലിംഗ് ഉള്ളതു കൊണ്ടുമാണോ ഇത്തരം നിയമനിർമ്മാണത്തിന് മനസ്സ് അപ്ളൈ ചെയ്യേണ്ട യെന്നുള്ളതുകൊണ്ടാണോ ഇത്തരം നിയമനിർമ്മാണം നടത്താതിരിക്കുന്നത്? ഈ കാര്യം ഗവൺമെന്റിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

ശ്രീമതി സുശീലാ ഗോപാലൻ : കേന്ദ്ര ഗവൺമെന്റ് നിയമം കൊണ്ടുവ രുന്നതിന് ധൃതഗതിയിൽ നടപടി നടത്തിക്കൊണ്ടിരിക്കുകയാണ്. ഇതുസംബ ന്ധിച്ച് നമ്മൾ അങ്ങോട്ട് വിവരം അറിയിച്ചിട്ടുണ്ട്. എങ്കിലും നമുക്ക് ഒരു പുതിയ നിയമം കൊണ്ടുവരുന്ന കാര്യം ആലോചിക്കാം. പ്രത്യേക ധാരണ യുടെ അടിസ്ഥാനത്തിലല്ല.

4 (*260) ഉരുൾപൊട്ടൽ ഉണ്ടാകാൻ സാധ്യതയുള്ള മേഖലകൾ

ശ്രീ. കെ.സി. ജോസഫ് :

ശ്രീ. കെ.കെ. രാമചന്ദ്രൻ മാസ്റ്റർ :

ശ്രീമതി രാധാരാഘവൻ :

ശ്രീ. ഇ.എം. അഗസ്തി : താഴെക്കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കാലവർഷം അധികരിച്ചിട്ടുള്ള സാഹചര്യത്തിൽ ഉരുൾപൊട്ടൽ ഉണ്ടാകാൻ സാധ്യതയുള്ള മേഖലകൾ കണ്ടെത്തിയിട്ടുണ്ടോ;

(ബി) ഈ മേഖലകളിൽ താമസിക്കുന്നവർക്ക് മുന്നറിയിപ്പ് നൽകുന്ന തിനുള്ള നിർദ്ദേശം ബന്ധപ്പെട്ടവർക്ക് നൽകിയിട്ടുണ്ടോ;

(സി) പ്രകൃതിക്ഷോഭമുണ്ടായാൽ അത് നേരിടുന്നതിനും ഇരയാ വുന്നവർക്ക് അടിയന്തിര സഹായവും ആശ്വാസവും എത്തിക്കുന്നതിനും ജില്ലാ അധികൃതർക്ക് നിർദ്ദേശം നൽകിയിട്ടുണ്ടോ; വിശദാംശം വെളിപ്പെടു ത്തുമോ;

(ഡി) കാലവർഷക്കാലത്ത് പ്രകൃതിക്ഷോഭം നേരിടുന്നതിന് പ്രത്യേകം ഫണ്ട് അനുവദിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ വിശദാംശം നൽകുമോ?

റവന്യൂവകുപ്പുമന്ത്രിക്കുവേണ്ടി ഭക്ഷ്യ-വിനോദസഞ്ചാര നിയമ വകുപ്പു മന്ത്രി (ശ്രീ. ഇ. ചന്ദ്രശേഖരൻ നായർ) :

(എ) കാലവർഷക്കാലത്ത് പ്രകൃതിക്ഷോഭമുണ്ടാകാനിടയുള്ള പ്രദേ ശങ്ങൾ കണ്ടെത്തി മുൻകരുതൽ നടപടികൾ സ്വീകരിക്കാൻ സർക്കാർ ആവ ശ്യപ്പെട്ടിട്ടുള്ളതിൻപ്രകാരം ജില്ലാ കളക്ടർമാർ നടപടികൾ സ്വീകരിച്ചിട്ടുണ്ട്. കൂടാതെ കേന്ദ്രഗവൺമെന്റ് ധനസഹായം നൽകി, നിയോഗിച്ചതിൻപ്രകാരം തിരുവനന്തപുരത്തെ 'സെസ്' എന്ന സ്ഥാപനം കോട്ടയം, ഇടുക്കി ജില്ലക ളിൽപ്പെടുന്ന പശ്ചിമഘട്ടത്തിലെ 750 ച.കി.മീ. പ്രദേശത്ത് ഉരുൾപൊട്ടലുകളെ ക്കുറിച്ച് നടത്തിയ പഠന റിപ്പോർട്ട് സംസ്ഥാന ഗവൺമെന്റിനും കേന്ദ്രഗ വൺമെന്റിനും സമർപ്പിച്ചിട്ടുണ്ട്. ഈ പഠന റിപ്പോർട്ടിലെ ശുപാർശകളിന്മേൽ മേൽനടപടി സ്വീകരിക്കാൻ അതാതു ജില്ലാ കളക്ടർമാർക്കു നിർദ്ദേശം നൽകിയിട്ടുണ്ട്. കൊല്ലം ജില്ലയിലെ പത്തനാപുരം താലൂക്കിലെ 360 ച.കി.മീ സ്ഥലത്തെ ഇടമൺ, ആര്യങ്കാവ്, തെന്മല എന്നീ വില്ലേജുകൾ ഉൾപ്പെടുന്ന ഉരുൾപൊട്ടൽ ഉണ്ടാകാനിടയുള്ള സ്ഥലങ്ങളെപ്പറ്റി പഠിക്കുന്നതിനായി 1999 മാർച്ച് മാസം 1.8 ലക്ഷം രൂപയുടെ ഭരണാനുമതി നൽകിയിട്ടുണ്ട്.

(ബി) അതിവർഷമുണ്ടാകുമ്പോൾ മുന്നറിയിപ്പ് നൽകുന്നതു കൂടാതെ കുടുംബങ്ങളെ മാറ്റി പാർപ്പിക്കുന്ന പതിവും ഉണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

(സി) ഇക്കൊല്ലത്തെ കാലവർഷം മുന്നിൽ കണ്ടുകൊണ്ട്, കെടുതികൾ ഉണ്ടാകുമ്പോൾ സ്വീകരിക്കേണ്ട ആശ്വാസ നടപടികൾ സംബന്ധിച്ച് മാർഗ്ഗനിർദ്ദേശങ്ങൾ 15.5.1999-ൽ എല്ലാ ജില്ലാകളക്ടർമാർക്കും നൽകിയിട്ടുണ്ട്. മുൻകാലാനുഭവങ്ങളുടെ വെളിച്ചത്തിൽ പ്രകൃതിക്ഷോഭമുണ്ടാകാനിടയുള്ള പ്രദേശങ്ങൾ കണ്ടെത്തുന്നതിനും മുൻകരുതൽ നടപടികളുടെ ഭാഗമായി ദുരിതാശ്വാസ സംവിധാനം പ്രവർത്തനോന്മുഖമായി സജ്ജീകരിക്കാനും വേണ്ടത്ര ഭക്ഷ്യസാധനങ്ങൾ റേഷൻകടകളിൽ സ്റ്റോക്ക് ചെയ്യുന്നുണ്ടെന്ന് ഉറപ്പുവരുത്തുവാനും ജില്ലാകളക്ടർമാർക്ക് നിർദ്ദേശങ്ങൾ നൽകിയിട്ടുണ്ട്. ദുരിതബാധിതരെ പുനരധിവസിപ്പിക്കേണ്ടിവന്നാൽ ഉപയോഗിക്കുന്നതിനായി പൊതുകെട്ടിടങ്ങൾ സ്കൂളുകൾ, കമ്മ്യൂണിറ്റി ഹാളുകൾ തുടങ്ങിയവ കണ്ടെത്തി, അവ ദുരിതാശ്വാസ കേന്ദ്രങ്ങളാക്കി ഉപയോഗിക്കുന്നതിനായി സജ്ജമാക്കുന്നതിനും നിർദ്ദേശിച്ചിട്ടുണ്ട്. കടലാക്രമണംമൂലം ദുരിതമനുഭവിക്കുന്നവരെ മാറ്റിപാർപ്പിക്കാനും ദുരിതാശ്വാസകേന്ദ്രങ്ങളിൽ ആഹാരം, വസ്ത്രം, വൈദ്യസഹായം തുടങ്ങിയവ നൽകുന്നതിനുമുള്ള ക്രമീകരണങ്ങൾ നടത്തുവാനും ആവശ്യപ്പെട്ടിട്ടുണ്ട്. മണ്ണിടിച്ചിൽ, ഉരുൾപൊട്ടൽ തുടങ്ങിയവ മൂലമുള്ള ഗതാഗതതടസ്സങ്ങൾ ഉടനടി തീർക്കുന്നതിനുള്ള ഏർപ്പാടുകളും ഉണ്ടാക്കണമെന്നും ഗതാഗതം പുനഃസ്ഥാപിക്കുംവരെ പകരമുള്ള റൂട്ടുകൾ കണ്ടെത്തുന്നതിനും വാർത്താവിനിമയം തടസ്സപ്പെട്ടാൽ അതിനുപകരം സംവിധാനം കണ്ടെത്താനും നിർദ്ദേശിച്ചിട്ടുണ്ട്. സംസ്ഥാനതലത്തിലും ജില്ലാതലത്തിലും കൺട്രോൾ റൂമുകൾ തുറന്ന് പ്രവർത്തിപ്പിച്ചുവരുന്നു.

(ഡി) ഉണ്ട്. കാലവർഷത്തെ നേരിടുന്നതിനായി എല്ലാ ജില്ലാകളക്ടർമാർക്കുമായി ഇതുവരെ 8 കോടിരൂപ അനുവദിച്ചിട്ടുണ്ട്. ദുരിതമനുഭവിക്കുന്നവർക്ക് ആഹാരം, വസ്ത്രം എന്നിവ നൽകുന്നതിനായി അഞ്ചുലക്ഷം രൂപ വീതവും, മരണമടഞ്ഞവരുടെ കുടുംബാംഗങ്ങൾക്ക് നൽകുന്നതിനായി രണ്ടുലക്ഷംരൂപവീതവും മാറ്റിപാർപ്പിക്കുന്നതിനായി 2 ലക്ഷം രൂപവീതവും വീടുകളുടെ റിപ്പയറിംഗിനും പുനർനിർമ്മാണത്തിനുമായി 15 ലക്ഷംരൂപ വീതവും പരിക്ക് പറ്റുന്നവർക്ക് നൽകുന്നതിനായി 1 ലക്ഷം രൂപവീതവും (മൊത്തം 25 ലക്ഷം രൂപ വീതം) എല്ലാ ജില്ലാ കളക്ടർമാർക്കും മുൻകൂർ നൽകിയിരുന്നു. കാലവർഷകെടുതി രൂക്ഷമായ തിരുവനന്തപുരം, കൊല്ലം, പത്തനംതിട്ട, ആലപ്പുഴ, കോട്ടയം എന്നീ ജില്ലകൾക്കായി 2.50 കോടി രൂപ അധിക ധനസഹായമായി 9.6.1999-ൽ അനുവദിച്ചിട്ടുണ്ട്. കൃഷിനാശം സംഭവിക്കുന്നതിനുള്ള ധനസഹായം നൽകുന്നതിനായി എല്ലാ ജില്ലകൾക്കുമായി 2 കോടിരൂപയും അനുവദിച്ചിട്ടുണ്ട്. കൂടുതൽ ദുരിതബാധിതമായ തിരുവനന്തപുരം, പത്തനംതിട്ട, ആലപ്പുഴ, കോട്ടയം, തൃശ്ശൂർ എന്നീ ജില്ലകളിലെ ചില പ്രദേശങ്ങളിൽ ഒഴാഴ്ചത്തെ സൗജന്യറേഷൻ അനുവദിക്കുന്നതിനും ഉത്തരവായിട്ടുണ്ട്.

<u>ശ്രീമതി രാധാരാഘവൻ</u> : എന്റെ നിയോജകമണ്ഡലത്തിൽ 1997-ലെ ഉരുൾപൊട്ടലിൽ കൃഷിനാശം സംഭവിച്ച കേളകത്തുതടത്തിൽ മത്തായി എന്ന കൃഷിക്കാരന് പകരം ഭൂമി നൽകാമെന്ന വാഗ്ദാനം സർക്കാർ നടപ്പിലാക്കാത്തത് എന്തുകൊണ്ടാണെന്ന് വ്യക്തമാക്കുമോ?

<u>ശ്രീ. ഇ. ചന്ദ്രശേഖരൻ നായർ</u> : അതിന് പ്രത്യേക ചോദ്യം ചോദിക്കണം.

<u>ശ്രീമതി രാധാരാഘവൻ</u> : വയനാട് ജില്ലപോലുള്ള പ്രദേശത്ത് ഉരുൾപൊട്ടലിനും ഭൂചലനത്തിനും സാധ്യതയുള്ള പ്രദേശത്ത് വൻകിട ഇടത്തരം അണക്കെട്ടുകൾ നിർമ്മിക്കുന്നതുമൂലം ജലമർദ്ദംകൊണ്ട് ഭൂചലനവും ഉരുൾപൊട്ടലും ഉണ്ടാകാനുള്ള സാധ്യത ഒഴിവാക്കാൻ ഇത്തരം പദ്ധതികൾ ഒഴിവാക്കാൻ നിർദ്ദേശം നൽകുമോ?

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. ഇ. ചന്ദ്രശേഖരൻ നായർ : ഇപ്പോൾ വൻകിട പദ്ധതികൾ ഉണ്ടാക്കണമെന്നുണ്ടെങ്കിൽ പരിസ്ഥിതിയുടെ എല്ലാം അനുവാദം വാങ്ങേണ്ട തുണ്ട്. മിക്കവാറും ഇതിനൊന്നും സാധ്യതയില്ലാതിരിക്കുകയാണ്. ഏതാ യാലും സെസ്സിന്റെ റിപ്പോർട്ട് കിട്ടിയിട്ടുണ്ട് അത് പഠിച്ച് ആവശ്യമായ മുൻകരു തൽ നടപടികൾ ഗവൺമെന്റ് എടുക്കുന്നതാണ്.

ശ്രീ. ഇ. എം. അഗസ്തി : ബഹുമാനപ്പെട്ട മന്ത്രി മറുപടി പറഞ്ഞ പ്പോൾ കോട്ടയം, ഇടുക്കി ജില്ലകളിൽപ്പെട്ട പശ്ചിമഘട്ടത്തിലെ 750 ച.കി.മീ പ്രദേശത്ത് ഉരുൾപൊട്ടലിനെ സംബന്ധിച്ച് നടത്തിയ പഠന റിപ്പോർട്ട് സെസ് സംസ്ഥാനത്തിന് സമർപ്പിച്ചിട്ടുണ്ട് അതിന് നടപടികൾ സ്വീകരിക്കാൻ ജില്ലാക ളക്ടർമാരെ ചുമതലപ്പെടുത്തിയിട്ടുണ്ടെന്ന് ഇവിടെ ഉത്തരം നൽകിയിട്ടുണ്ട്. പക്ഷേ ഒരു ചോദ്യത്തിന് മറുപടി പറഞ്ഞപ്പോൾ അദ്ദേഹം പറഞ്ഞത് ഈ സംവിധാനത്തെക്കുറിച്ച് ഇനി ആലോചിക്കണമെന്നാണ്. ജില്ലാ കളക്ടർതല ത്തിൽ പരിഹരിക്കാൻ കഴിയുന്ന നിർദ്ദേശങ്ങളല്ല സെസ്സിലെ റിപ്പോർട്ട് എന്നാണ് ഞങ്ങൾക്ക് അറിയാൻ കഴിഞ്ഞത്. 750 ച.കി.മീ എന്നു പറഞ്ഞാൽ വളരെയേറെ ജനങ്ങൾ അധിവസിക്കുന്ന അപകട സാധ്യത ഏറെ ഉള്ള തുമായ പ്രദേശങ്ങളാണ്. അതുകൊണ്ട് ഗവൺമെന്റ് നേരിട്ട് ഈ സെസിന്റെ പഠനറിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ ഒരു പ്രത്യേക സംവിധാനമുണ്ടാക്കുന്ന തിനെ സംബന്ധിച്ച് ആലോചിക്കുമോയെന്ന് വ്യക്തമാക്കുമോ?

ശ്രീ. ഇ. ചന്ദ്രശേഖരൻ നായർ : സർ, ഇതിനകത്ത് രണ്ട് ആസ്പെക്ട് സുണ്ട്. (1) പൊതുവായി വളരെ മേജറായിട്ടുള്ള സ്കീംസ് (2) ജില്ലാ കള ക്ടർമാർക്ക് ഇമ്മീഡിയറ്റായി എടുക്കാവുന്ന ചില സ്റ്റെപ്സും റെക്കമെന്റേഷ നുമുണ്ട്. അതുകൊണ്ട് ജില്ലാ കളക്ടർമാർക്ക് ചെയ്യാനൊക്കുന്ന കാര്യം ചെയ്യാനായി നിർദ്ദേശം കൊടുത്തിട്ടുണ്ട്. പിന്നെ വൈഡർ കമ്സ്യൂൻസ് ഗവൺമെന്റ് തലത്തിൽ ആലോചിച്ചിട്ട് പരിഹാരമാർഗ്ഗം കണ്ടുപിടിക്കാം.

ശ്രീ. ഇ.എം. അഗസ്തി : സർ, ബഹുമാനപ്പെട്ട മന്ത്രി പറഞ്ഞ മറുപടി യിൽ ദുരിതാശ്വാസപ്രവർത്തനങ്ങൾ ഏകീകരിക്കുന്നതിനുവേണ്ടിയുള്ള പൊതുകെട്ടിടങ്ങളൊക്കെ ഉണ്ടാക്കുമെന്ന് പറഞ്ഞിട്ടുണ്ട്. പക്ഷെ നമ്മുടെ അനുഭവത്തിൽ ദുരിതാശ്വാസ റിലീഫ് ക്യാമ്പുകൾ, ഡിസാസ്റ്റർ ഷെൽറ്റേഴ്സ് എന്നൊക്കെ പറയുന്ന സ്ഥാപനങ്ങൾ സംരക്ഷിക്കപ്പെടാതെ പോകുകയാണ്. ഉരുൾപൊട്ടൽ പോലെയുള്ള ദുരിതങ്ങളുണ്ടാകുമ്പോൾ ആളുകളെ മാറ്റി പ്പാർപ്പിക്കാൻ പര്യാപ്തമല്ലാത്ത നിലയിൽ ദുരുപയോഗംചെയ്യുന്ന നിലയി ലാണ് പലപ്പോഴും കാണുന്നത്. ബഹു:മന്ത്രി ശ്രീ. ടി.കെ. രാമകൃഷ്ണനു തന്നെ അറിയാം. രണ്ടുവർഷത്തിനപ്പുറം നമ്മളെല്ലാവരുംകൂടി അടിമാലിക്ക ടുത്ത് പെരുംപള്ളിച്ചാലിൽ ചെന്നപ്പോൾ ഡിസാസ്റ്റർ ഷെൽറ്റർ എന്നുപറയു ന്നതുതന്നെ ദുരുപയോഗപ്പെടുത്തി ആളുകൾക്ക് താമസിക്കാൻ ഒരു നിവൃത്തി യുമില്ലാത്ത, ദുരിതമനുഭവിക്കുന്ന ആളുകളെ മാറ്റിപ്പാർപ്പിക്കാൻ പറ്റാത്ത സ്ഥിതി നേരിൽകണ്ടതാണ്. ഇതൊഴിവാക്കാൻ ഈ ദുരിതാശ്വാസകേന്ദ്രങ്ങൾ സംരക്ഷിക്കപ്പെടുമെന്ന് ഉറപ്പുവരുത്താൻ നടപടി സ്വീകരിക്കാൻ ഗവൺമെന്റ് തയാറാകുമോ?

ശ്രീ. ഇ. ചന്ദ്രശേഖരൻ നായർ : നേരത്തെതന്നെ മുൻകരുതൽ എടുക്ക ണമെന്നും ഇതിനുള്ള ദുരിതാശ്വാസ കേന്ദ്രം കണ്ടെത്തണമെന്നും കളക്ടർമാർക്ക് നിർദ്ദേശം കൊടുത്തിട്ടുണ്ട്. ബഹു. മെമ്പർ പറഞ്ഞതുപോലെ പെർമനന്റായിട്ടുള്ള കെട്ടിടങ്ങൾ ഉണ്ടെങ്കിൽ അത് സംരക്ഷിക്കുന്നതിനുള്ള നടപടികളെ സംബന്ധിച്ച് ആലോചിക്കാം.

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. പി.പി. സുലൈമാൻ റാവുത്തർ : സർ, 1997- ൽ പനംപള്ളിച്ചാലിൽ ഉരുൾപൊട്ടലുണ്ടായപ്പോൾ മലയോരമേഖലയിലെ അപകടമേഖലയിൽ താമസിക്കുന്ന ആളുകളെ മാറ്റി പാർപ്പിക്കാമെന്ന് അന്ന് റവന്യൂ വകുപ്പുമന്ത്രി പറഞ്ഞിരുന്നു. പക്ഷേ അതിനോട് അനുബന്ധിച്ചുള്ള നടപടികൾ ഉണ്ടായിട്ടില്ല. ആ നടപടികൾ വേഗത്തിലാക്കുമോ?

ശ്രീ. ഇ. ചന്ദ്രശേഖരൻ നായർ : സർ, അദ്ദേഹത്തിന്റെ നിർദ്ദേശം പരിഗണിക്കാം.

ശ്രീ. ആര്യാടൻ മുഹമ്മദ് : വെള്ളപ്പൊക്കവും മറ്റുംവന്നാൽ റിലീഫ് ക്യാമ്പുകളിൽ താമസിക്കുന്ന ആളുകൾക്ക് ഒരാഴ്ച ഫ്രീ റേഷൻ കൊടുക്കാൻ മാത്രമേ ഇപ്പോൾ ഓർഡറുള്ളൂ. മലപ്പുറം ജില്ലയിൽ കളക്ടർ വിളിച്ചുകൂട്ടിയ കോൺഫറൻസിൽ ഞാനും പങ്കെടുത്തിരുന്നു. ഞാൻ ഈ കാര്യം ചോദിച്ചപ്പോൾ, ഒരാഴ്ചയിൽ കൂടുതൽ ആ ക്യാമ്പിൽ ആളുകൾ താമസിക്കുകയാണെങ്കിൽ അവർക്ക് ഫ്രീ റേഷൻ കൊടുക്കാനുള്ള പ്രൊവിഷനില്ലയെന്നു പറഞ്ഞു. ഒരാഴ്ചയിൽ കൂടുതൽ വന്നാൽ അവർക്ക് ഇവിടെ ഫ്രീ റേഷൻ നൽകാനുള്ള ഓർഡറുണ്ടാകണം. അതിനുപുറമേ വെള്ളം ഇറങ്ങി ഉടനെ അവർ വീട്ടിലേക്ക് വന്നാൽ പൊളിഞ്ഞു. കിടക്കുന്ന വീടാണ്. അവർക്ക് ജോലിക്കുപോലും പോകാൻ കഴിയുകയില്ല. അങ്ങനെ വന്നാലും ഒരു ആഴ്ച കൂടെയെങ്കിലും റേഷൻ അവിടെ നൽകാനുള്ള ഏർപ്പാട് ചെയ്യാൻ ഗവൺമെന്റ് തയാറാകുമോ.

ശ്രീ. ഇ. ചന്ദ്രശേഖരൻ നായർ : എനിക്ക് അത് വ്യക്തമായില്ല. ഇപ്പോൾ എല്ലായിടത്തും ആളുകളെ മാറ്റിപ്പാർപ്പിച്ചാൽ എത്ര ദിവസം (ഏഴല്ല) മാറ്റിപാർപ്പിച്ചാലും അവർക്ക് ഫുഡ് കൊടുക്കണം എന്നുള്ളതാണ്. കൊല്ലം ജില്ലയിലൊക്കെ, എന്റെ എക്സ്പീരിയൻസിലും, ഒരുപാട് വെള്ളപ്പൊക്കമുണ്ടായതാണ്. എത്ര ദിവസം അവർ അവിടെ താമസിച്ചു, അത്രയും ദിവസം കൊടുത്തുവെന്നു മാത്രമല്ല, ചില വിഭാഗമാളുകൾ ക്യാമ്പിൽ താമസിക്കാൻ തയാറാകില്ല. ക്യാമ്പിൽ താമസിക്കുന്ന ആളുകൾ എത്രദിവസം താമസിക്കുന്നുവോ അത്രയും ദിവസം അവർക്ക് വെറും റേഷൻ കൊടുക്കുക മാത്രമല്ല, അവർക്കാവശ്യമുള്ള ഫുഡ് പ്രിപ്പെയർ ചെയ്തു കൊടുക്കണമെന്നുള്ളതാണ് ഒരു നിർദ്ദേശം. രണ്ടാമത്തേത് എന്താണെന്നുവച്ചാൽ ചിലർ അസൗകര്യങ്ങൾകൊണ്ട് ക്യാമ്പിൽ താമസിക്കാതെ മറ്റു വീടുകളിലേക്ക് മാറി താമസിച്ചിട്ടുണ്ടെങ്കിൽ അവർക്ക് റേഷൻ കൊടുക്കണമെന്ന് നിർദ്ദേശം കൊടുത്തിട്ടുണ്ട്. അതിൽ മലപ്പുറത്ത് വല്ല വ്യത്യാസവും വന്നിട്ടുണ്ടെങ്കിൽ തീർച്ചയായും അതന്വേഷിക്കാൻ ഏർപ്പാട് ചെയ്യാം.

പ്രതിപക്ഷനേതാവ് ശ്രീ. എ.കെ. ആന്റണി : സർ, ദുരിതാശ്വാസ സഹായമെത്തിക്കുന്നതിന് ഇത്തവണ കുറേ കാലതാമസമുണ്ടായിയെന്ന് ഞാൻ ഈ നിയമസഭയിൽ ആക്ഷേപമുന്നയിച്ചു. 22-ാം തീയതിയിലെ ഡിമാന്റ് ചർച്ചയിലും ഞാൻ ഉന്നയിച്ചു. റവന്യൂ മിനിസ്റ്റർ 22-ാം തീയതി പറഞ്ഞത് 20-ാം തീയതി കൂടിയ കളക്ടർമാരുടെ യോഗത്തിൽ അടിയന്തിരമായി സൗജന്യറേഷൻ കൊടുക്കാൻ നിർദ്ദേശം കൊടുത്തുകഴിഞ്ഞു എന്നാണ്. ഇന്നലെവരെ ഞാൻ പ്രതിനിധീകരിക്കുന്ന നിയോജകമണ്ഡലങ്ങൾ ഉൾപ്പെടെ, ആലപ്പുഴ ജില്ലയിലെ, ചേർത്തല താലൂക്ക് ഉൾപ്പെടെയുള്ള പല തീരപ്രദേശങ്ങളിലും (ആലപ്പുഴ, മാരാരിക്കുളം, ചേർത്തല, അരൂർ ഉൾപ്പെടെ ഇന്നലെവരെ) ഈ പറയുന്ന സൗജന്യറേഷൻ കൊടുത്തിട്ടില്ല. കാലവർഷക്കെടുതി ഉണ്ടായിട്ട് മാസങ്ങൾ ഒന്നുകഴിഞ്ഞിരിക്കുന്നു. അതിനെക്കുറിച്ച് ആക്ഷേപമുന്നയിച്ചപ്പോൾ 20-ാം തീയതി കളക്ടർമാർക്ക് നിർദ്ദേശം കൊടുത്തു കഴിഞ്ഞി

രിക്കുന്നുവെന്നു പറയുന്നു. ഇപ്പോഴും സൗജന്യറേഷൻ കൊടുത്തിട്ടില്ല. ഈ ഗുരുതരമായ വീഴ്ച പരിശോധിക്കാനും അടിയന്തിരമായി ഇനിയെങ്കിലും ഗവൺമെന്റ് പ്രഖ്യാപിച്ചിട്ടുള്ള സൗജന്യറേഷൻ അർഹരായവർക്ക് നൽകാനു മുള്ള നടപടി സ്വീകരിക്കുമോ?

ശ്രീ. ഇ. ചന്ദ്രശേഖരൻ നായർ : മൂന്നുനാലു ഡിസ്ട്രിക്ടുകളിലൊക്കെ ഫ്രീ റേഷൻ കൊടുക്കുന്നതിനായി അത് പ്രത്യേക വിഭാഗങ്ങളാണ്, ഇതിന്റെ ദുരിതമനുഭവിക്കുന്ന മേഖലകളിൽ മാത്രമായി കൊടുക്കുന്നതിനായി, ക്യാബി നറ്റ്തന്നെ ഡിസിഷൻ എടുത്തതാണ്. ഗവൺമെന്റ് ഡയറക്ഷൻ പോയിട്ടുണ്ട്. എന്താണ് ആലപ്പുഴയിലെ ചില താലൂക്കുകളിൽ എന്നറിയില്ല. കൊടുത്ത ഡിസ്ട്രിക്ടുകളിൽ കിട്ടിയില്ലെങ്കിൽ എന്താണെന്നുള്ളത് അന്വേഷിക്കുകയും അതിന് കർശനമായ നടപടി സ്വീകരിക്കാൻ നിർദ്ദേശം കൊടുക്കുകയും ചെയ്യാം.

മി. സ്പീക്കർ : ചോദ്യം 261, ശ്രീ. എൻ. അനിരുദ്ധൻ, വ്യവസായവകുപ്പു മന്ത്രി.

വ്യവസായവകുപ്പുമന്ത്രി (ശ്രീമതി സുശീലാഗോപാലൻ) :

(എ) ഹാന്റ്ക്സ് ഭരണസമിതിയുടെ.....

ശ്രീ. കെ.സി. വേണുഗോപാൽ : സർ, എനിക്ക് അവസരം കിട്ടിയില്ല .

മി. സ്പീക്കർ : അങ്ങനെ പറയരുത് വേണുഗോപാൽ. ഞാൻ എങ്ങനെ യാണ് ചെയ്യുക? ഈ ചോദ്യം എത്ര പേർക്ക് കൊടുക്കും? സപ്ലിമെന്ററി.....

ശ്രീ. പി.പി. തങ്കച്ചൻ : മെയിൻ ചോദ്യത്തിലുൾപ്പെടുത്തി രണ്ടുപേരെ ഉണ്ടായിരുന്നുള്ളു. രണ്ടുപേർക്കേ സപ്ലിമെന്ററിയായി അനുവദിച്ചിട്ടുള്ളൂ.

മി. സ്പീക്കർ : രണ്ടല്ല, മൂന്നു സപ്ലിമെന്ററി കൊടുത്തു, രണ്ടെണ്ണം ഇവിടെ തന്നു.

ശ്രീ. പി.പി. തങ്കച്ചൻ : ശ്രീ. വേണുഗോപാലിന്റെ പരാതി അതല്ല. സപ്ലി മെന്ററി കുറഞ്ഞുപോയിയെന്നുള്ളതാണ്.

മി. സ്പീക്കർ : ഞാൻ അങ്ങനെ ചെയ്യില്ല കേട്ടോ. വേറെ എന്തെങ്കിലും മാർഗ്ഗമുണ്ടെങ്കിൽ നിർദ്ദേശിക്കാം. ഞാൻ പ്രകോപിതനല്ല. സ്ട്രെയിനെടുത്ത് സൂക്ഷ്മതയോടുകൂടിയാണ് ചെയ്യുന്നത്. ഇനി വേറെയാരെയെങ്കിലും നിശ്ചയി ക്കാൻ കഴിയുമെങ്കിൽ നിശ്ചയിക്കുക.

ഭക്ഷ്യ-വിനോദസഞ്ചാര നിയമവകുപ്പുമന്ത്രി (ശ്രീ. ഇ. ചന്ദ്രശേഖരൻ നായർ) : സർ, അങ്ങനെ പറയേണ്ട. സ്പീക്കറെ മാറ്റുകയെന്ന് ആരും പറഞ്ഞില്ല.

മി.സ്പീക്കർ : ഞാൻ ഈ സഭയിൽ വന്നതിനുശേഷം അങ്ങേയ്ക്ക് ഒരു ചോദ്യം അനുവദിക്കാതിരുന്ന ഏകസംഭവം ഇതുമാത്രമാണ്. ഇങ്ങനെ സംഭവിച്ചതുകൊണ്ടാണ്. അതിൽ എന്തെങ്കിലും അപാകതയുണ്ടെങ്കിൽ എന്നോട് ക്ഷമിക്കുക, എന്നോട് പൊറുക്കുക.

ശ്രീ. പി. പി. തങ്കച്ചൻ : എനിക്ക് അതിൽ പരാതിയില്ല.

മി. സ്പീക്കർ : പുതിയ അംഗങ്ങൾക്ക് അല്ലെങ്കിൽ ചോദിക്കാത്തവർക്ക് കൊടുക്കുന്നില്ല എന്നാണ് അവരുടെ ഏക പരാതി. ഇന്ന് അത് പരിഹരിക്കാൻ വേണ്ടി പരമാവധി നോക്കി. അത് ഈ ഭാഗത്തുള്ളവർക്കറിയാം.

ശ്രീ. പി.പി. തങ്കച്ചൻ : എനിക്കതിൽ പരാതിയില്ല.

മി. സ്പീക്കർ : Iam very, Sorry.

മി. സ്പീക്കർ : ചോദ്യം നമ്പർ 261

362/2010.

LIBRARY ARCHIVES Kerala Legislative Assembly